മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഡോ.കേദാർനാഥ് അനുസ്മരണം നടത്തി

**കോയമ്പത്തൂർ** ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിൽ ഡോ. എസ്. കേദാർനാഥ് അനുസ്മരണപ്രഭാഷണം നടന്നു.

ഇന്ത്യയിലെ വന ജനിതകശാസ്ത്രത്തിന്റെ പിതാവ് എന്നാണ് കേദാർനാഥിനെ വിശേഷിപ്പിക്കുന്നത്. 'സസ്യവൈവിധ്യം ഒരു അവലോകനം' എന്നായിരുന്നു വിഷയം. കൊൽക്കത്തയിലെ ബൊട്ടാണിക് സർവേ ഓഫ് ഇന്ത്യയിലെ സഞ്ചപ്പയായിരുന്നു മുഖ്യപ്രഭാഷകൻ. ഐ.സി.എഫ്.ആർ. ഡെറാഡൂൺ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എസ്.ഡി. ശർമ ഉദ്ഘാടനംചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ആധ്യക്ഷത വഹിച്ചു. ഡോ. കണ്ണൻവാര്യർ, ഡോ. എ. രാജശേഖരൻ എന്നിവർ സംസാരിച്ചു.

News in Mathrubhumi, 19.1202020, Palakkad, Dr S. Kedharnath Memorial Lecture.